കവർസ്റ്റോറി

അബ്ദുല്ല നാസിർ അൽ സുബൈഹ്

# ജനാധിപത്യം ഇസ്‌ലാമികമൂശയിൽ

**ജനാധിപത്യം**, അത്യാകർഷണീയമാണ് ഈ പദം. ഒരുതരം ആധികാരികത ആ പദത്തിൽനിന്ന് സ്ഫുരിക്കുന്നുണ്ട്. മധ്യപൗരസ്ത്യദേശത്തെ ജനസമൂഹങ്ങൾക്കും ഈ പദം പഥ്യമാണ്. കാരണം ദീർഘകാലമായി പാശ്ചാത്യ ആശയങ്ങളിലും പരികൽപനകളിലും ആകൃഷ്ടരാണവർ. സ്വാതന്ത്ര്യം, പുരോഗതി, സമാധാനം, സ്ഥിരത, അഭിവൃദ്ധി എന്നിവയൊന്നടങ്കം 'ജനാധിപത്യം' പ്രതിനിധാനം ചെയ്യുന്നതായി പലരും കരുതുന്നു. സർവ നന്മകളുടെയും ആവാസസ്ഥാനമെന്ന ഉത്കൃഷ്ട സ്ഥാനമാണ് ചിലർ ജനാധിപത്യത്തിന് നൽകിയിരിക്കുന്നത്.

ജനാധിപത്യത്തോട് ഈ ശുഭാത്മക കാഴ്ചപ്പാട് വളർത്തിയെടുക്കുന്നതിൽ മാധ്യമങ്ങൾ നിർണായക പങ്ക് വഹിച്ചിരിക്കുന്നു. ഒട്ടനവധി സാമൂഹികരോഗങ്ങൾക്കുള്ള മാന്ത്രിക ഔഷധം എന്ന നിലയിലാണ് ജനാധിപത്യത്തെ മാധ്യമങ്ങൾ അവതരിപ്പിക്കാറുള്ളത്. ജനാധിപത്യത്തെ ഇവ്വിധം മാധ്യമങ്ങൾ പൊലിപ്പിച്ച് ചിത്രീകരിക്കുന്നത് ജനങ്ങളെ കെണിയിൽ വീഴ്ത്തും. ജനാധിപത്യക്കെണി എന്ന് അതിനെ വിശേഷിപ്പിക്കട്ടെ. ഓരോ ജനസമൂഹത്തിനും സവിശേഷമായ ചില സാംസ്കാരിക സ്വത്വങ്ങളുണ്ടായിരിക്കും. ഈ യാഥാർഥ്യത്തെ അവഗണിച്ചുകൊണ്ടാണ് പലരും ജനാധിപത്യത്തെ പുണരാൻ ശ്രമിക്കാറുള്ളത്. ഇത്തരം സാംസ്കാരികാവസ്ഥകളുമായി പൊരുത്തമില്ലാതിരുന്നിട്ടും ചിലർ ജനാധിപത്യത്തെ അതേപടി സ്വീകരിക്കാൻ മുതിരുമ്പോഴാണ് അവർ മേൽപറഞ്ഞ കെണിയിൽ പതിക്കുന്നത്.

ഈ കെണിയിൽ വീഴാതിരിക്കാനുള്ള മാർഗമെന്ത്? ജനാധിപത്യം, അതിന്റെ പ്രയോഗരൂപങ്ങൾ എന്നിവയെ സംബന്ധിച്ച വിഭാവനകളുടെ പരിമിതി വെളിവാക്കുന്ന സൈദ്ധാന്തികരുടെ വിമർശനാത്മക വിശകലനങ്ങൾ ഗ്രഹിക്കുക എന്നതാണ് കെണിയിൽ വീഴാതിരിക്കാനുള്ള മാർഗം.

സർവ നന്മകളുടെയും പ്രഭവ കേന്ദ്രമായി ജനാധിപത്യത്തെ വിലയിരുത്താനാകില്ല. അത് സർവ തിന്മകളുടെയും ഉറവിടവുമല്ല. മധ്യപൗരസ്ത്യദേശത്തെ ചിലർക്ക് ജനാധിപത്യമെന്നാൽ പാർലമെന്റും തെരഞ്ഞെടുപ്പു പ്രക്രിയകളും മാത്രമാണ്. ജനാധിപത്യത്തിന്റെ ബാഹ്യകെണിയിൽ വീണിരിക്കുകയാണ് ഈ വിഭാഗം. ജനങ്ങൾക്ക് പരമമായി അധികാരം നൽകുന്നതിനാൽ ജനാധിപത്യത്തെ സാധൂകരിക്കാൻ സാധ്യമല്ലെന്ന് മറ്റൊരു വിഭാഗം ചൂണ്ടിക്കാട്ടുന്നു. ഈ നിരാകരണം മർദക സ്വേഛാധിപതികൾക്കുള്ള അംഗീകാരമായി കലാശിക്കുന്നു എന്ന വൈരുധ്യം വിസ്മരിക്കുകയാണവർ.

സൈദ്ധാന്തികമായും പ്രായോഗികമായും ജനാധിപത്യത്തിന് ഏകശിലാഘടനയില്ല. വിഭിന്ന സമൂഹങ്ങളിലെ പശ്ചാത്തലങ്ങൾക്കനുസൃതമായി ജനാധിപത്യം വിഭിന്ന സമീപനരീതികളും കാഴ്ചവെക്കുന്നുണ്ട്.

രണ്ടായിരം നൂറ്റാണ്ടുകൾക്കു മുമ്പ് ജനാധിപത്യം ആദ്യമായി ഏതൻസിൽ ആവിർഭവിച്ചപ്പോൾ, മർദക ഭരണാധികാരിക്കു പകരം ജനങ്ങൾ സ്വയംഭരണം നടത്തുന്ന രീതിയായാണ് അത് രൂപം കൊണ്ടത്. ഏതൻസിലെ ജനാധിപത്യം നേരിട്ടുള്ള ജനാധിപത്യം (Direct Democracy) എന്ന പേരിലാണറിയപ്പെട്ടത്. കാലക്രമേണ അത് പ്രാതിനിധ്യ ജനാധിപത്യം (Representative Democracy) ആയി വികാസം പൂണ്ടു. വർത്തമാനകാലത്ത് കൂടുതൽ വിഭിന്ന സ്വഭാവത്തിലുള്ള ജനാധിപത്യരീതികളാണ് വിവിധ രാജ്യങ്ങളിൽ അവലംബിക്കപ്പെട്ടുവരുന്നത്.

ജനാധിപത്യ വ്യവസ്ഥക്ക് അടിത്തറയിടുന്ന മൂല്യങ്ങളും ജനകീയേഛ നടപ്പാക്കുന്ന സംവിധാനവും തമ്മിൽ സൈദ്ധാന്തികർ ചില ഭിന്നതകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. പല സാമൂഹികബാധ്യതകളും നിറവേറ്റാൻ സ്വന്തം നിലയിൽ ജനാധിപത്യം അശക്തമാണെന്ന് അവർ വാദിക്കുന്നു. ജനാധിപത്യത്തെ ബലപ്പെടുത്തുന്നതിന് നിയമവാഴ്ച, അഭിപ്രായ സ്വാതന്ത്ര്യം, അധികാര വികേന്ദ്രീകരണം, മതേതരത്വം, ഭരണസുതാര്യത തുടങ്ങിയ പ്രമാണങ്ങൾ കൂടി അനുപേക്ഷണീയമാണ്.

മേൽപറഞ്ഞ പ്രമാണങ്ങൾ ജനാധിപത്യ സൈദ്ധാന്തികർ അംഗീകരിക്കുമ്പോൾ തന്നെ ഇവ എത്രമാത്രം ആകാമെന്ന ഗൗരവ സംവാദങ്ങളും നടന്നുവരുന്നു. ഉദാഹരണമായി ഭൂരിപക്ഷത്തിന്റെ ഭരണം എന്ന പ്രമാണമെടുക്കാം. ഉദ്ബുദ്ധതയില്ലാത്ത ഭൂരിപക്ഷം വരുന്ന ജനക്കൂട്ടത്തിന്റെ ഭരണം നിരവധി അബദ്ധങ്ങളിലേക്ക് നയിക്കുമെന്ന് പലരും ചൂണ്ടിക്കാട്ടുന്നു. അമേരിക്കൻ ഭരണഘടന തയാറാക്കിയപ്പോൾ ഈ പ്രശ്നം ഭരണഘടനാശിൽപികളെ ഏറെ അലട്ടിയിരുന്നു. ഇക്കാരണങ്ങളാലാണ് ആദ്യ കാലത്ത് വോട്ടവകാശങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്. സ്ത്രീകൾക്കും അടിമകൾക്കും വോട്ടവകാശം നിഷേധിക്കപ്പെട്ടതും ഇതുകൊണ്ടുതന്നെ. 21 തികയാത്തവർക്ക് പല രാജ്യങ്ങളും ഇപ്പോഴും വോട്ടവകാശം നൽകുന്നില്ല.

ജനാധിപത്യത്തെ സംബന്ധിച്ച് സൈദ്ധാന്തികമായും പ്രായോഗികതലത്തിലും നിലവിലുള്ള ഭിന്നതകൾ ഗ്രഹിച്ചുകൊണ്ടാവണം മുസ്‌ലിം സമൂഹവും അതിനോടുള്ള സമീപനങ്ങൾ നിർണയിക്കേണ്ടത്. ഇസ്‌ലാമിക വീക്ഷണഗതിയുമായി ഇണങ്ങുന്ന ജനാധിപത്യ മാതൃകയുടെ സ്വഭാവം എന്താകുമെന്ന് ഇനി പരിശോധിക്കാം.

ജനാഭിലാഷം സാക്ഷാത്കരിക്കുന്നതിനുള്ള മാർഗമെന്ന നിലയിൽ ജനാധിപത്യം ഇസ്‌ലാമിക കാഴ്ചപ്പാടുമായി യോജിക്കുന്നു. എന്നാൽ നിയമനിർമാണത്തിനുള്ള പരമമായ അധികാരം ഖുർആൻ, തിരുചര്യ എന്നിവക്കാണെന്ന് ഇസ്‌ലാം പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ ഈ പ്രഖ്യാപനവും ഡെമോക്രസിയുടെ പ്രമാണങ്ങൾക്ക് വിരുദ്ധമാകുന്നില്ല. അമേരിക്കൻ രാഷ്ട്രീയ ചിന്തകനായ സ്ബിഗ്ന്യൂ ബ്രസെൻസ്കി ചൂണ്ടിക്കാട്ടിയത് ശ്രദ്ധേയമാണ്. 'ജനാധിപത്യം അടിസ്ഥാനപരമായി പാശ്ചാത്യ ആശയമാണെങ്കിലും മറ്റു വിഭാവനകൾകൊണ്ടു കൂടി നിറക്കപ്പെടേണ്ട പാത്രമാണ് അത്' എന്നായിരുന്നു ബ്രസെൻസ്കിയുടെ പ്രസ്താവന. അതിനാൽ ഇസ്‌ലാമിക പ്രമാണങ്ങളുമായി പൊരുത്തപ്പെടുന്ന ആശയപദ്ധതികളാൽ ആ പാത്രത്തെ നിറക്കാനാകും.

രാഷ്ട്രം മതേതരം ആയിരിക്കണമെന്ന് ജനാധിപത്യം ആവശ്യപ്പെടുന്നതിനാൽ ഖുർആന്റെയും പ്രവാചകചര്യയുടെയും പ്രാമാണികത ജനാധിപത്യത്തിന് അംഗീകരിക്കാൻ കഴിയില്ല എന്നൊരു വാദം ചിലർ ഉയർത്തുന്നുണ്ട്. അങ്ങനെ ഖുർആന്റെ പ്രാമാണികതയെ മാനിക്കാത്ത ജനായത്തം മുസ്‌ലിംകൾക്ക് സ്വീകാര്യമല്ലെന്നും ഈ വിഭാഗം വാദിക്കുന്നു.

എന്നാൽ ഈ വാദങ്ങളുടെ അർഥശൂന്യത ചില ഉദാഹരണങ്ങളിലൂടെ തുറന്നുകാട്ടാം. മതേതരത്വത്തിന് തന്നെ വ്യത്യസ്ത രീതികൾ കാണാം. ചർച്ചും രാഷ്ട്രവും രണ്ടാണെന്നാണ് അമേരിക്കൻ ഭരണഘടനയിലെ പ്രഖ്യാപനം. എന്നാൽ ജനാധിപത്യ മതേതര രാജ്യമായ ബ്രിട്ടനിൽ സ്ഥിതി വ്യത്യസ്തമാണ്. ബ്രിട്ടനിലെ രാജ്ഞി ഒരേസമയം ചർച്ചിന്റെ അധിപയും രാഷ്ട്രത്തിന്റെ അധികാരിയുമാണ്. സഭാ-രാഷ്ട്ര വിഭജനം ബ്രിട്ടനിലില്ല.

മതേതരത്വം ക്രൈസ്തവ സമൂഹത്തോട് ആവശ്യപ്പെടുന്നത് പൗരോഹിത്യവാഴ്ചയെ ഉപേക്ഷിക്കാനാണ്. ജനങ്ങളുടെ അഭിലാഷവും താൽപര്യങ്ങളും പരിഗണിക്കാതെയാണ് ക്രൈസ്തവ പൗരോഹിത്യത്തിന്റെ നീക്കം. തങ്ങൾക്ക് ദൈവത്തിൽനിന്ന് നേരിട്ട് നിർദേശം ലഭിക്കുന്നതായും ആ പൗരോഹിത്യം അവകാശപ്പെടുന്നു.

ഇത്തരം പൗരോഹിത്യവാഴ്ചക്ക് ഇസ്‌ലാമിൽ സ്ഥാനമില്ല. പുരോഹിതർ ദൈവത്തിനെതിരെ കള്ളം ചമക്കുന്നതിനെയും ദൈവികവിരുദ്ധ നിയമങ്ങൾ ആവിഷ്കരിക്കുന്നതിനെയും ഖുർആൻ കഠിനമായി വിമർശിക്കുന്നത് ഇവിടെ സ്മരിക്കുക.

ഇസ്‌ലാമിലെ പണ്ഡിതരും കർമശാസ്ത്ര വിദഗ്ധരും പുരോഹിതന്മാരല്ല (ചില മാധ്യമങ്ങൾ ഇസ്‌ലാമിക പുരോഹിതർ-Islamic Clerics- എന്ന വ്യാജ സംജ്ഞ പ്രചരിപ്പിക്കുന്നുണ്ടെങ്കിലും) ദൈവത്തിൽനിന്ന് നേരിട്ട് ജ്ഞാനം ലഭിക്കുന്നുണ്ടെന്ന അവകാശവാദവും ഇസ്‌ലാമിക പണ്ഡിതർ ഉന്നയിക്കുന്നില്ല. ഈ പണ്ഡിതരുമായി കൂടിയാലോചനകൾ നടത്താം. ഇവരെ ചോദ്യം ചെയ്യാൻ പോലും ജനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്. മതാധികാരം ഇസ്‌ലാം പണ്ഡിതർക്ക് വിട്ടുകൊടുക്കുന്നില്ല. ഖുർആനാണ് നിയമങ്ങളുടെയും അധികാരത്തിന്റെയും പ്രഭവകേന്ദ്രം. എല്ലാ മതേതരപാർട്ടികൾക്കും ഒരേപോലെ സ്വീകാര്യമായ മതേതരവാദം അവതരിപ്പിക്കപ്പെട്ടിട്ടില്ല. ഇഷ്ടമുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ജനാധിപത്യം പൗരന് അവകാശം നൽകുന്നു. ഇതേ അനുമതി തന്നെയാണ് ഇസ്‌ലാമും ജനങ്ങൾക്ക് അനുവദിക്കുന്നത്. ഇസ്‌ലാമിക വിശ്വാസം ആരിലും നിർബന്ധിച്ച് അടിച്ചേൽപിക്കരുതെന്ന് ഖുർആൻ ഓർമിപ്പിക്കുന്നു.

ഭരണഘടനയുടെ പ്രാധാന്യം, ഭരണ സുതാര്യത, ജുഡീഷ്യറിയുടെ നിഷ്പക്ഷത, അധികാര വികേന്ദ്രീകരണം, അഭിപ്രായ സ്വാതന്ത്ര്യം, മനുഷ്യാന്തസ്സിനുള്ള അംഗീകാരം, മനുഷ്യാവകാശ സംരക്ഷണം തുടങ്ങിയ മൂല്യങ്ങളുടെ അഭാവത്തിൽ ജനാധിപത്യം പ്രഹസനമായി കലാശിക്കും. ഈ ഓരോ മൂല്യവും ഉയർത്തിപ്പിടിക്കാൻ ഇസ്‌ലാം വ്യക്തമായി ആഹ്വാനം ചെയ്തിരിക്കുന്നു. ജനാധിപത്യത്തിനു വേണ്ടി വാദിക്കുന്നവർ ഈ മൂല്യങ്ങൾക്കു വേണ്ടിയും വാദിക്കണം. എന്നാൽ ജനാധിപത്യ പ്രക്രിയകൾ ആരംഭിച്ചിട്ടും ഇത്തരം മൂല്യങ്ങൾക്ക് പരിഗണന നൽകാൻ ചില അറബ് രാജ്യങ്ങൾ സന്നദ്ധരായി കാണുന്നില്ല.

കേവലം ബാലറ്റ് പെട്ടികളും പാർലമെന്ററി സംവിധാനവും മാത്രമായി ജനാധിപത്യത്തെ ന്യൂനീകരിക്കാൻ പാടില്ല. അതിനെ സംസ്കാരമായും സാമൂഹിക സമ്പ്രദായമായും മധ്യപൗരസ്ത്യ ദേശം തിരിച്ചറിയേണ്ടതുണ്ട്. ജനങ്ങളുടെ നിരീക്ഷണങ്ങൾ ഇല്ലാത്ത ജനാധിപത്യം പ്രഹസനമാകും. സുതാര്യത, അറിയാനുള്ള പൗരന്റെ അവകാശം അംഗീകരിക്കുക എന്നിവ ജനാധിപത്യത്തെ ബലപ്പെടുത്തും.

മുസ്‌ലിം സമൂഹങ്ങൾ അവരുടെ ആദർശത്തിനനുസൃതമായ ജനാധിപത്യ രീതികളെയാവണം സ്വീകരിക്കേണ്ടത്. ഇസ്‌ലാമിക മൂശയിലുള്ള ഡെമോക്രസിക്കു വേണ്ടി ആദർശസൂചകവും പൈതൃകസൂചകവുമായ ഇസ്‌ലാമിക പദാവലികൾ രൂപപ്പെടുത്തേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ പേരിൽ ഏതു നിഷിദ്ധത്തെയും അഭികാമ്യമായി സ്വീകരിക്കാമെന്ന ലളിത സമവാക്യത്തോട് ഇസ്‌ലാമിക പ്രത്യയശാസ്ത്രം ഒരിക്കലും യോജിക്കുന്നില്ല.

(islamtoday.com)

**വിവ: വി.പി.എ അസീസ്**